**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2902** **25-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം വന ഡിവിഷനിലെ ഇക്കോ റെസ്റ്റോറേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം വന ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇക്കോ റെസ്റ്റോറേഷൻ പദ്ധതിയിലൂടെ തൈ നടീൽ നടത്തേണ്ടത് എത്ര ഹെക്ടർ വനഭൂമിയിൽ ആയിരുന്നുവെന്നും അതിൽ എത്ര ഹെക്ടർ വനഭൂമിയിൽ പ്രസ്തുത വർഷം തൈനടീൽ നടത്തിയെന്നും വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം വന ഡിവിഷന്റെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം 2023-24 സാമ്പത്തിക വർഷത്തിൽ ഇക്കോ റെസ്റ്റോറേഷൻ പദ്ധതിയിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടത്തേണ്ടത് 964.39 ഹെക്ടർ വനഭൂമിയിൽ ആയിരുന്നു.ടി 964.39 ഹെക്ടറിൽ കെ.പി.പി.എൽ-ന് ശേഖരണത്തിനായി അനുവദിച്ച 438.15 ഹെക്ടർ ഉൾപ്പെട്ടുവരുന്നു. ആയതിൽ ശേഖരണം പൂർത്തിയാക്കിയ 279.67 ഹെക്ടർ പ്രദേശത്ത് തൈനടീൽ എത്ര ഹെക്ടർ പ്രദേശത്ത് നടത്തണമെന്നുള്ളത് റീജനറേഷൻ സർവ്വെ നടത്തി മാത്രമേ കണ്ടെത്താൻ കഴിയുകയുള്ളൂ. പ്രസ്തുത വർഷം 48.5 ഹെക്ടർ വനഭൂമിയിൽ തൈനടീൽ പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | 2023-24 ൽ തിരുവനന്തപുരം ഡിവിഷനിൽ മരങ്ങൾ മുറിച്ചുമാറ്റിയിട്ടും ഇക്കോ റെസ്റ്റോറേഷൻ പദ്ധതിയിലൂടെ തൈനടീൽ നടത്താതിരുന്നത് എത്ര ഹെക്ടർ വനഭൂമിയിൽ ആണെന്ന് വെളിപ്പെടുത്തുമോ; | (ബി) | 2023-24 ൽ തിരുവനന്തപുരം ഡിവിഷനിൽ 279.67 ഹെക്ടർ പ്രദേശത്തെ മരങ്ങളാണ് മുറിച്ച് മാറ്റിയിട്ടുള്ളത്. റീജനറേഷൻ സർവ്വെ നടത്തിയാൽ മാത്രമേ തൈനടീൽ എത്ര ഹെക്ടർ പ്രദേശത്ത് നടത്തണമെന്നത് കണ്ടെത്താൻ കഴിയുകയുള്ളൂ. അത് പ്രകാരം പ്രസ്തുത വർഷം 48.5 ഹെക്ടർ പ്രദേശത്ത് ഇക്കോ റെസ്റ്റൊറേഷൻ പദ്ധതിയിലൂടെ തൈനടീൽ നടത്തി. 231.17 ഹെക്ടർ പ്രദേശത്താണ് ഇക്കോ റെസ്റ്റൊറേഷൻ പദ്ധതിയിലുടെ തൈനടീൽ നടത്താതിരുന്നത്. |
| (സി) | യഥാസമയം ഇക്കോ റെസ്റ്റോറേഷൻ പ്രവൃത്തി ചെയ്യാത്തതിന്റെ ഫലമായി, തൈനടീൽ പ്രവൃത്തിക്ക് അധികം ചെലവാകുന്ന തുക, പാരിസ്ഥിതിക നഷ്ടം അടക്കം എന്തെല്ലാം നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഇക്കോ റെസ്റ്റോറേഷന്റെ ഭാഗമായി മരങ്ങൾ മുറിച്ചു മാറ്റിയതിനു ശേഷം റീജനറേഷൻ സർവ്വെയുടെ അടിസ്ഥാനത്തിലാണ് ഗ്യാപ് ഫില്ലിംഗ് പ്ലാന്റിംഗ് നടത്തുന്നത്.ഇത് ഒരു തുടർ പ്രക്രിയ ആയതിനാൽ റഗുലർ പ്ലാന്റിംഗിൽ നിന്ന് വ്യത്യസ്തമാണ്. ആതിനാൽ തൈ നടീൽ പ്രവർത്തി ചെയ്യാത്തതുമൂലം നഷ്ടം സംഭവിച്ചതായി പറയാനാകില്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഇനത്തിലുള്ള നഷ്ടം വനം വകുപ്പ് പരിശോധിച്ച് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഇക്കോ റെസ്റ്റോറേഷന്റെ ഭാഗമായി മരങ്ങൾ മുറിച്ചു മാറ്റിയതിനുശേഷം റീജനറേഷൻ സർവ്വെയുടെ അടിസ്ഥാനത്തിലാണ് ഗ്യാപ് ഫില്ലിംഗ് പ്ലാന്റിംഗ് നടത്തുന്നത്.ഇത് ഒരു തുടർ പ്രക്രിയ ആയതിനാൽ റഗുലർ പ്ലാന്റിംഗിൽ നിന്ന് വ്യത്യസ്തമാണ്. ആതിനാൽ തൈ നടീൽ പ്രവർത്തി ചെയ്യാത്തതു മൂലം നഷ്ടം സംഭവിച്ചതായി പറയാനാകില്ല. |
| (ഇ) | കൊല്ലം ചീഫ് കൺസർവേറ്ററുടെ പ്രസ്തുത വിഷയത്തിന്മേലുള്ള 24.07.2023 ലെ ശിപാർശപ്രകാരം ഉത്തരവാദികളായ ഏതെല്ലാം ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ? | (ഇ) | പ്രസ്തുത കത്ത് 24.07.2023 തീയതിയിൽ വനം വകുപ്പാസ്ഥാനത്തെ ഫോറസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ ലഭിച്ചിട്ടുണ്ട്. ടി കത്തിലെ പരാമർശ വിഷയങ്ങൾ വനം വകുപ്പ് ആസ്ഥാനത്തെ വിവിധ വിഭാഗങ്ങളുമായി ബന്ധപ്പെട്ടതിനാൽ ആയത് വകുപ്പ് തലത്തിൽ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ